# ദുർവിധി 'കേര'യുടെയോ കേരളത്തിന്റെയോ?

കേര കർഷകരുടെ തലവര മാറ്റാൻ ഉതകുമെന്ന് കൊട്ടിഘോഷിച്ച 'നീര' മറ്റുപല സർക്കാർ പദ്ധതികളെയും പോലെ കടലാസിൽ ഒതുങ്ങാനാണ് വിധിയെന്ന് തോന്നുന്നു. സർക്കാരിന്റെ മനം മയക്കുന്ന വാഗ്ദാനങ്ങളിൽ വിശ്വസിച്ച് നീര ഉത്പാദനത്തിന് ഇറങ്ങിത്തിരിച്ച കർഷകർ ഇപ്പോൾസമരത്തിനുള്ള പുറപ്പാടാണ്. നാളികേര വികസന ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഉത്പാദക കമ്പനികളുടെ സംഘടന നാളെ കൊല്ലത്ത് കളക്ടറേറ്റിനുമുൻപിൽ സത്യാഗ്രഹ സമരത്തിന് എത്തുകയാണ്. സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. നീര പ്ലാന്റുകളുടെ നിർമ്മാണത്തിനും ഉത്പന്ന വിപണനത്തിനും ഉദാരമായി ഗ്രാൻഡ് നൽകുമെന്നായിരുന്നു പ്രഖ്യാപനം. ഇതിനകം ഉത്പാദനം ആരംഭിച്ച പ്ലാന്റുകൾ പലവിധ കാരണങ്ങളാൽ മുടന്തിയാണ് മുന്നോട്ടുപോകുന്നത്. വിപണിയിലെത്തിയ നീരയ്ക്ക് ആവശ്യക്കാർ ഇല്ലാതെപോയതല്ല പ്രശ്നം. ആവശ്യമനുസരിച്ച് ഉത്പന്നം എല്ലായിടത്തും എത്തിക്കാനാവുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നീര കേടുകൂടാതെ ദീർഘനാൾ സൂക്ഷിക്കാനാവശ്യമായ പ്ലാന്റ് വൻ ചെലവുവരുന്നതാണ്. ഇതിന് സർക്കാർ സഹായം നൽകുമെന്നായിരുന്നു വാഗ്ദാനം. എന്നാൽ ബഡ്ജറ്റിൽ ഇതിനായി നീക്കിവച്ച തുകപോലും നൽകുന്നില്ലെന്നാണ് ഉത്പാദക ഫെഡറേഷനുകളുടെ പരാതി.

നീരസംസ്ഥാനത്തിന്റെതനത് പാനീയമായി വർഷങ്ങൾക്കുമുമ്പുതന്നെ ഇടം പിടിക്കേണ്ടതായിരുന്നു. എന്നാൽ തെങ്ങിൽനിന്ന് നീര ചെത്തിയെടുക്കുന്നത് എന്തോ മഹാപരാധമായിട്ടാണ് സർക്കാർ കരുതിപ്പോന്നത്. അബ്കാരി നിയമം അത് അനുവദിക്കുന്നില്ലെന്നായിരുന്നു കണ്ടെത്തൽ. അബ്കാരി നിയമത്തിന് രൂപം നൽകിയ സർക്കാരിന് അത് കേരകർഷകരെ സഹായിക്കാനായിതിരുത്താനും അധികാരമുണ്ടെന്ന് ബോദ്ധ്യപ്പെടാൻ ഏറെക്കാലം വേണ്ടിവന്നു. നീരയുടെ ഗുണഗണങ്ങളും വൻതോതിലുള്ള അതിന്റെ ഉത്പാദനം സംസ്ഥാനത്തെ സാമ്പത്തിക മേഖലയ്ക്കുണ്ടാക്കാവുന്ന വൻനേട്ടങ്ങളും കാർഷിക വിദഗ്ദ്ധരുൾപ്പെടെയുള്ളവർ ആധികാരികമായി സർക്കാരിനുമുമ്പാകെ അവതരിപ്പിച്ചു. പതിറ്റാണ്ടുകളായി അവഗണിക്കപ്പെട്ടുകിടക്കുന്ന തെങ്ങുകൃഷി ആദായകരമാക്കാനുള്ള വഴിയാണ് നീര തുറന്നിട്ടത്. പക്ഷേ, പറഞ്ഞിട്ട് കാര്യമില്ല. വിപുലമായ തോതിൽ നീര ഉത്പാദിപ്പിച്ച് മറ്റു കൃത്രിമ പാനീയങ്ങളെ പിന്നിലാക്കി കേര കർഷകർക്കും അതുവഴി സംസ്ഥാനത്തിനും വരുമാനനേട്ടം ഉറപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

**നാളികേര മേഖലയുടെ സമഗ്രമായ തിരിച്ചുവരവ് നീരയിലൂടെ കൈവരിക്കാനാവുമെന്ന പ്രതീക്ഷ പൂവണിയണമെങ്കിൽ സർക്കാരും കൃഷിവകുപ്പും നീര ഉത്പാദകരുടെ ആവലാതികൾ കേൾക്കാൻ തയ്യാറാകണം. നാളികേര വികസന ബോർഡുവഴി നീര സംരംഭകർക്ക് അടിയന്തരമായി സഹായം നൽകാൻ നടപടി ഉണ്ടാകണം. കല്പകവൃക്ഷമായ തെങ്ങ് നൽകുന്ന അപൂർവ സൗഭാഗ്യമാണ് കെടുകാര്യസ്ഥത കൊണ്ട് ഇപ്പോൾ പാഴാക്കിക്കളയുന്നത്**

ഏറെ കാത്തിരിപ്പിനശേഷമാണ് സംസ്ഥാനത്തൊട്ടാകെയായി നീര ഉത്പാദിപ്പിക്കാൻ 173 ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകിയത്. നാളികേര കർഷകരുടെ കൂട്ടായ്മയിലാണ് ഈ ഫെഡറേഷനുകൾ രൂപം കൊണ്ടത്. മലപ്പുറം, കൈപ്പുഴ, പാലക്കാട് എന്നിവിടങ്ങളിൽ നീര പ്ലാന്റുകൾ ഉത്പാദനം നടക്കുന്നുണ്ട്. എന്നാൽ പ്രവർത്തന മൂലധനത്തിന്റെ അഭാവവും വിപണന ശൃംഖലയിലെ പോരായ്മകളും നീരപ്ലാന്റുകൾ നേരിടുന്ന വെല്ലുവിളികളാണ്. മേളകളിലും മറ്റുമാണ് ഇപ്പോൾ പ്രധാനമായും നീര ലഭ്യമാകുന്നത്. നാടിന്റെ മുക്കിലും മൂലയിലും വരെ വിദേശ കുത്തകകളുടെ ലഘുപാനീയങ്ങൾ സുലഭമായി ലഭിക്കുമെന്നിരിക്കെ നീരയ്ക്കും അനന്തമായ വിപണി സാദ്ധ്യതകളാണുള്ളത്. എല്ലാ രംഗത്തും കാണുന്ന കെടുകാര്യസ്ഥത ഒന്നുകൊണ്ടുമാത്രമാണ് നീര ഇപ്പോഴും പ്രാദേശികതലത്തിൽ ഒതുങ്ങിപ്പോകുന്നത്. കഴിഞ്ഞ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നീര ഉത്പാദന മേഖലയ്ക്കായി 15 കോടി രൂപ നീക്കിവച്ചിരുന്നുവെങ്കിലും ഒരു പൈസപോലും അതിൽ നിന്ന് വിനിയോഗിച്ചില്ല. മാർച്ച് 31 ന് മുമ്പ് ഉത്പാദനം തുടങ്ങിയ പ്ലാന്റുകൾക്കുപോലും ബഡ്ജറ്റ് വിഹിതം കൊണ്ട് ഒരു ഗുണവും കിട്ടിയില്ല. പുതിയ ബഡ്ജറ്റിലും 30 കോടി രൂപ നീരയ്ക്കായി വകകൊള്ളിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നുണ്ട്. ഈ ടെക്നീഷ്യന്മാർക്ക് പതിനായിരം രൂപ സബ്സിഡിയായി നൽകുമെന്ന പ്രഖ്യാപനം ഇനിയും നടപ്പാകേണ്ടതായിട്ടാണിരിക്കുന്നത്. നീര പ്രോത്സാഹിപ്പിക്കാൻ വേണ്ടി പൊതു ചടങ്ങുകളിലും സർക്കാർ അതിഥിമന്ദിരങ്ങളിലും നീര ഔദ്യോഗിക പാനീയമാക്കുമെന്ന സർക്കാർ പ്രഖ്യാപനവും നടപ്പാക്കേണ്ടതുണ്ട്. നീര ഉത്പാദിപ്പിക്കുന്ന കമ്പനികൾക്ക് 50 ലക്ഷം രൂപവരെ സഹായം നൽകുമെന്നാണ് ധനമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. ഇതിനെല്ലാമായിട്ടാണ് 30 കോടി രൂപ നീക്കിവച്ചിരിക്കുന്നത്. കഴിഞ്ഞവർഷം 15 കോടി രൂപ ലാപ്സാക്കിയതുപോലെ ഈ വർഷവും ആവർത്തിക്കാതിരുന്നാൽ മതിയായിരുന്നു. നാളികേര മേഖലയുടെ സമഗ്രമായ തിരിച്ചുവരവ് നീരയിലൂടെ കൈവരിക്കാനാവുമെന്ന പ്രതീക്ഷ പൂവണിയണമെങ്കിൽ സർക്കാരും കൃഷിവകുപ്പും നീര ഉത്പാദകരുടെ ആവലാതികൾ കേൾക്കാൻ തയ്യാറാകണം. നാളികേര വികസന ബോർഡുവഴി നീര സംരംഭകർക്ക് അടിയന്തരമായി സഹായം നൽകാൻ നടപടി ഉണ്ടാകണം. കല്പകവൃക്ഷമായ തെങ്ങ് നൽകുന്ന അപൂർവ സൗഭാഗ്യമാണ് കെടുകാര്യസ്ഥതകൊണ്ട് ഇപ്പോൾ പാഴാക്കിക്കളയുന്നത്.